# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾതലം

## 2025-26

ഗവ. എൽ. പി. എസ്
തുരുത്തുംമൂല

കാട്ടാക്കട താലൂക്കിൽ നേമം ബ്ലോക്കിൽ വിളപ്പിൽ പഞ്ചായത്തിലാണ് ഗവ.എൽ.പി.എസ് തുരുത്തുമ്മൂല സ്ഥിതിചെയ്യുന്നത്. 1908 ലാണ് സ്കൂൾ സ്ഥാപിതമായത്. കുടിപ്പള്ളിക്കൂടമായിട്ടായിരുന്നു ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത്. അന്നത്തെ നിലയിൽ നിന്നും ഒരു വിദ്യാലയമായി ഉയർത്താൻ വേണ്ട നേതൃത്വവും വസ്തുവും നൽകിയത് ശ്രീ. ഗോവിന്ദൻപിള്ള എന്ന വ്യക്തിയാണ്. അക്കാലത്ത് പ്രഥമാധ്യാപകൻ ശ്രീ. ചെല്ലപ്പൻ പിള്ള ആയിരുന്നു. അൻപത് സെന്റ് ഭൂമി സ്വന്തമായിട്ടുള്ള സ്കൂളിൽ അഞ്ചാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾ പഠിക്കുന്നു.

പ്രീ-പ്രൈമറി മുതൽ അഞ്ചാം ക്ലാസ്സുവരെയുള്ള ഈ വിദ്യാലയത്തിൽ പ്രഥമാധ്യാപികയും 7 അധ്യാപകരും 1 PTCM, 1 cook, 1 ആയയും സേവനമനുഷ്ഠിച്ചു വരുന്നു. ഒരു ഇരുനിലകെട്ടിടം, ഒരു ഷീറ്റ് മേഞ്ഞ കെട്ടിടം, ഒരു ഓടിട്ടകെട്ടിടം എന്നി കെട്ടിടങ്ങളും നിലവിലുണ്ട്.

പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായി 2025-26 അധ്യയന വർഷം സമഗ്രഗുണമേന്മ വർഷമാണ്. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനോടൊപ്പം അക്കാദമിക പ്രവർത്തനങ്ങളും വളരേണ്ടതുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. മലയാളത്തിളക്കം, ശ്രദ്ധ, സചിത്ര പുസ്തകം, സംയുക്തഡയറി, ഉല്ലാസ ഗണിതം, ഗണിത വിജയം, Hello English ... etc ഈ പദ്ധതികളിൽ ചിലതാണ്

പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി, സ്കൂളിന്റെ സാഹചര്യവും കുട്ടികളുടെ നിലവാരവും പ്രയോജനപ്പെടുത്തി പരിഗണിച്ച് എല്ലാ കുട്ടികളിലും മികവ് ഉറപ്പാക്കുന്നതിന് വേണ്ടി സ്കൂളുകൾ തയ്യാറാക്കുന്ന മാർഗ്ഗരേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുടെ കുട്ടികൾക്ക് അനുയോജ്യമായ ലോക്കൽ ടെസ്റ്റുകൾ രൂപപ്പെടുത്തുന്നതിനുള്ള ബ്ലൂപ്രിന്റ് എന്ന നിലക്ക് ഭാഷാപഠനം, ശാസ്ത്രസാമൂഹ്യശാസ്ത്രപഠനം, ഗണിതപഠനം, കലാകായിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | പിന്തുണ | കാലയളവ് |
|---|---|---|---|
| * Glowing Stars<br>Developing English Communication skills in our children | * Instructions, commands and suggestions in our school surroundings<br>* Class room interactions<br>* Casual talking boards<br>* Language Games<br>* Role play<br>* Skit<br>* Choreography<br>* Carnival | അധ്യാപകർ<br>SRG<br>BRC<br>Language Experts | ഒരു വർഷം |
| * ദിനാചരണങ്ങൾ | * പരിസ്ഥിതി ദിനം<br>* വായനദിനം<br>* യോഗദിനം<br>* ചാന്ദ്രദിനം<br>* കർഷകദിനം<br>* സ്വാതന്ത്ര്യദിനം<br>* ഹിരോഷിമദിനം<br>* ക്വിറ്റ് ഇന്ത്യാ ദിനം<br>* നാഗസാക്കിദിനം | അധ്യാപകർ<br>SRG<br>Guests<br>PTA<br>MPTA<br>SMC | ഒരു വർഷം |

| | | | |
|---|---|---|---|
| | * അദ്ധ്യാപക ദിനം<br>* ഓസോൺ ദിനം<br>* ഗാന്ധി ജയന്തി<br>*<br>*<br>* | | |
| * ഭൗതിക-സാഹചര്യങ്ങൾ | * പുതിയ കെട്ടിടത്തിലെ റൂഫ് പ്ലാസ്റ്ററിംഗ്<br>* പുതിയ കെട്ടിടത്തിലെ രണ്ടാമത്തെ നിലയിലുള്ള ക്ലാസ് മുറികളിലെ ജനലിൽ ഗ്ലാസ് ഇടൽ<br>* അടുക്കള നവീകരണം.<br>* ക്ലാസ്സുകളിൽ Display shelf.<br>* 1 മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ നിലവാരത്തിന് യോജിച്ച ലൈബ്രറി പുസ്തകങ്ങൾ.<br>* സ്കൂൾ വാൻ | ~~അദ്ധ്യാപകർ~~<br>• SSK<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ<br>• CSSR fund<br>• MLA/MP fund | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പിന്തുണ |
|---|---|---|
| കുട്ടിയെ നല്ല ശ്രോതാവാക്കുക | * കുട്ടിക്കവിതകൾ കേൾപ്പിക്കൽ (ICT)<br>കുഞ്ഞുണ്ണിമാഷ്, സുഗതകുമാരി, ... തുടങ്ങിയവരുടെ കുട്ടിക്കവിതകൾ കേൾക്കൽ<br>✓ ആസ്വദിക്കൽ<br>✓ ചൊല്ലൽ<br>✓ ഈണത്തിലും താളത്തിലും സംഘമായും ഒറ്റയ്ക്കും ചൊല്ലൽ<br>* കഥകൾ കേൾക്കാം (ICT)<br>✓ കുട്ടിക്കഥകൾ കേൾപ്പിക്കൽ<br>✓ കേട്ട കഥ പറയൽ<br>✓ ശബ്ദമില്ലാതെ കണ്ട കഥ കഥ പറയൽ<br>✓ ഇഷ്ടകഥാപാത്രങ്ങളെ കണ്ടെത്തൽ<br>✓ ഇഷ്ട സന്ദർഭം പറയൽ<br>✓ കഥാപാത്രം/ സന്ദർഭം ഇഷ്ടപ്പെടാനുള്ള കാരണം പറയൽ<br>* കഥ പൂർത്തിയാക്കൽ<br>✓ കഥയുടെ കുറച്ചു ഭാഗം കേൾപ്പിക്കൽ, ബാക്കി പറയൽ | |

✓ ടീച്ചർ പറയുന്ന കഥയുടെ ബാക്കി ഭാഗം പറയൽ

* കളികളിൽ ഏർപ്പെടൽ

✓ കളിനിയമങ്ങൾ ശ്രദ്ധിക്കൽ

✓ കളി നിയമങ്ങൾ അനുസരിച്ച് കളികളിൽ ഏർപ്പെടൽ

* വാർത്തകൾ കേൾക്കാം

✓ ICT യിലൂടെ വാർത്തകൾ കേൾപ്പിക്കൽ

✓ കേട്ട വാർത്തയുമായി ബന്ധപ്പെട്ട ചോദ്യോത്തരങ്ങൾ തയ്യാറാക്കൽ

* പ്രസംഗങ്ങൾ കേൾക്കാം

✓ നാട്, ആഘോഷം, പരിസ്ഥിതി, ഭക്ഷണരീതി, ദിനാചരണങ്ങൾ, .... തുടങ്ങിയ വിഷയങ്ങളെ കുറിച്ചുള്ള പ്രസംഗങ്ങൾ കേൾപ്പിക്കൽ

✓ കേട്ട പ്രസംഗത്തിൽ നിന്നും മനസ്സിലായ കാര്യങ്ങൾ പറയൽ

✓ ചിത്രം വരയ്ക്കൽ

* കേട്ട കാര്യങ്ങൾ/ കണ്ട കാര്യങ്ങൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കാനുള്ള കഴിവ് വളർത്തുക.

* ഇഷ്ടവിഷയത്തെ കുറിച്ച് സംസാരിക്കൽ
  - ✓ പ്രിയപ്പെട്ട ആഹാരം, വ്യക്തി, പൂവ്, കളി, സ്ഥലം, ഉത്സവം, കഥ, സിനിമ, .... ഇവയെക്കുറിച്ച് സംസാരിക്കൽ
* കുട്ടിക്കവിതകൾ കേട്ട് കവിതയുടെ ആശയം സ്വന്തം ഭാഷയിൽ അവതരിപ്പിക്കൽ
* പുസ്തക പരിചയം
  - ✓ അസംബ്ലിയിൽ പുസ്തക പരിചയം നടത്തൽ
* ചിത്ര വായന
  - ✓ ചിത്രം നോക്കി ചിത്രത്തിന്റെ ആശയം വാചികമായി അവതരിപ്പിക്കൽ
* കഥാചിത്രങ്ങൾ നോക്കി കഥ പറയൽ
* അനുഭവങ്ങൾ പങ്കുവയ്ക്കൽ
  - ✓ മഴയനുഭവം
  - ✓ ആഘോഷങ്ങൾ

| | |
|---|---|
| | ✓ യാത്രാനുഭവം<br>✓<br>* സംഭാഷണം<br>✓ നിശ്ചിത ആശയമനുസരിച്ചുള്ള സംഭാഷണം അവതരിപ്പിക്കൽ<br>✓ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | * ചിത്ര വായന<br>✓ പൂന്തോട്ടം, വീട്, പ്രകൃതി ദൃശ്യങ്ങൾ, ഗ്രാമം.... മുതലായവയുടെ ചിത്രം നിരീക്ഷിച്ച്, ചിത്രത്തിലെന്താണെന്ന് പറയൽ.<br>* കഥ പറയൽ<br>✓ കഥാചിത്രങ്ങൾ നോക്കി കഥ പറയൽ<br>* പദങ്ങൾ നിർമ്മിക്കാം.<br>✓ അക്ഷരകാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.<br>✓ വീട്ടിലെ അംഗങ്ങളുടെ പേരുകൾ എഴുതി വായിക്കൽ |

* കൂട്ടുകാരുടെ പേര് വായിക്കൽ

* വാക്യം നിർമ്മിക്കൽ

✓ പദകാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൽ, വായിക്കൽ

* വാക്കുകൾ ശേഖരിക്കാം

✓ പത്രത്താളിൽ നിന്നും ഇഷ്ടമുള്ള വാക്കുകൾ കണ്ടെത്തി വട്ടം വരയ്ക്കൽ
വെട്ടി ഒട്ടിക്കൽ
ഉറക്കെ വായിക്കൽ

✓ പത്രത്തിൽ നിന്നും തലക്കെട്ടുകൾ വെട്ടി ഒട്ടിക്കൽ

✓ വായിക്കൽ

* മലയാളത്തിളക്കം

✓ ആശയാവതരണ രീതിയിലൂടെയുള്ള വായന

* വായനക്കാർഡുകൾ വായിക്കൽ

* കൂട്ടവായന

* ചങ്ങലവായന

* ക്ലാസ് ലൈബ്രറി

✓ ക്ലാസ്സ് ലൈബ്രറി ആകർഷകമാക്കൽ

✓ പുസ്തകം വിതരണം ചെയ്യൽ

✓

* സ്കൂൾ ലൈബ്രറി

✓ സ്കൂൾ ലൈബ്രറി ക്രമീകരിക്കൽ
കഥ, കവിത, ബാലസാഹിത്യം, യാത്രാവിവരണം, ശാസ്ത്രം,...
.... ഇവത്തിൽ ലൈബ്രറി ഒരുക്കൽ

* വായനക്കുറിപ്പ്

✓ കുട്ടി വായിക്കുന്ന ഓരോ പുസ്തകത്തിന്റെയും വായനക്കുറിപ്പ് തയ്യാറാക്കൽ

✓

* വ്യത്യസ്ത വ്യവഹാരരൂപങ്ങളിലേക്ക്

✓ ഒരു വ്യവഹാര രൂപത്തിലുള്ള പുസ്തകം വായിച്ച് ആശയ ഗ്രഹണം നടത്തിയ ശേഷം

മറ്റൊരു വ്യവഹാരരൂപ
ത്തിലേക്ക് മാറ്റൽ
ഉദാ: കവിതയെ കഥയാക്കി
മാറ്റൽ

* റീഡേഴ്സ് തിയേറ്റർ
✓ പാഠഭാഗങ്ങൾ, കഥകൾ
ഇടങ്ങിയവ ഭാവമുൾക്കൊ-
-ണ്ട് അക്ഷരസ്ഫുടതയും
അശയ വ്യക്തതയും ഉൾ-
ക്കൊണ്ടുകൊ വായിച്ച്
അവതരിപ്പിക്കൽ

* ജന്മദിന പുസ്തകം
✓ ഓരോ ക്ലാസിലെയും കുട്ടി-
കൾ തങ്ങളുടെ ജന്മദിന-
ത്തിൽ ക്ലാസ് ലൈബ്രറി-
ലേക്ക് പുസ്തകങ്ങൾ നൽ-
കുന്നു.

അക്ഷരത്തെറ്റി-
ല്ലാതെ എഴുത-
താൻ കുട്ടിയെ
പ്രാപ്തനാക്കുക.

* ചിത്രത്തിലെന്തെല്ലാം ?

✓ വീട്, പൂന്തോട്ടം, സ്കൂൾ, പ്രകൃതിദൃശ്യ-ങ്ങൾ, നിറങ്ങൾ, വാഹ-നങ്ങൾ, ..... ഇവയുടെ ചിത്രം പ്രദർശിപ്പിക്കൽ ചിത്രത്തിലുള്ളവയുടെ പേര് എഴുതൽ

* പദകേളികൾ

✓ ആഭരണമണിയിക്കാം (ചിഹ്നങ്ങൾ, ത-മര, ച-ര)

✓ ഒരു പദം നൽകി, അവസാ-ന അക്ഷരത്തിൽ നിന്നും അടുത്ത വാക്ക് എഴുതൽ (തല, ലത, തരം, രാധ, ധനു-സ്സ്, സർപ്പം, പാന, നിര, ......)

* വിവരണം എഴുതാം

✓ ചിത്രങ്ങൾ / നിശ്ചിത ആ-ശയം ഇവ നൽകി വിവര ണം എഴുതൽ

* മലയാളത്തിളക്കം

* അടിക്കുറിപ്പ് രചന
  - ✓ ചിത്രത്തിന് യോജിച്ച അടിക്കുറിപ്പ് എഴുതൽ
* വർക്ക് ഷീറ്റുകൾ
  - ✓ അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഇവ ഉറപ്പിക്കുന്നതിനുള്ള വർക്ക് ഷീറ്റുകൾ
  - ✓ വാക്യഘടന ക്രമീകരിക്കുന്നതിന് സഹായകമായ വർക്ക് ഷീറ്റുകൾ
* സംയുക്ത ഡയറി
  സചിത്ര ഡയറി
  - ✓ ഓരോ ദിവസത്തെയും ഡയറിക്കുറിപ്പ് രക്ഷിതാവിന്റെ സഹായത്തോടെയും അല്ലാതെയും [illegible] എഴുതൽ
* രചനാശില്പശാല
  - ✓ വിവിധ ഭാഷാധ്യാപകരുടെ നേതൃത്വത്തിൽ കവിതാരചന, കഥാരചന ശില്പശാലകൾ സംഘടിപ്പിക്കൽ

* വായനക്കുറിപ്പ്
✓ ക്ലാസ് ലൈബ്രറിയിൽ നിന്നും വായിക്കുന്ന പുസ്തകങ്ങളുടെ വായനക്കുറിപ്പ് തയ്യാറാക്കൽ

* ആശംസാക്കാർഡ് നിർമ്മാണം
✓ ഓണാശംസക്കാർഡ്
✓ ക്രിസ്തുമസ് കാർഡ്
✓ ജന്മദിനക്കാർഡ്

* പോസ്റ്റർ നിർമ്മാണം
✓ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മിക്കൽ

* ദിനാചരണക്കുറിപ്പുകൾ
✓ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുറിപ്പുകൾ തയ്യാറാക്കൽ
സ്വാതന്ത്ര്യദിനം, വായനദിനം, പരിസ്ഥിതി ദിനം, ....

* പതിപ്പുകൾ
✓ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും ദിനാചരണങ്ങളുടെ ഭാഗമായും വിവിധ പതിപ്പുകൾ തയ്യാറാക്കൽ